(എഫ്) 81,69,190 രൂപ.

(ജി) വെൽഫെയർ ഫണ്ട് നിയമാവലിയിൽ അനുശാസിക്കുന്ന വിധത്തിലുള്ള ആനുകൂല്യം ഫണ്ട് നിർത്തൽ ചെയ്യുന്നതുവരെ സർവ്വീസിൽ നിന്ന് പിരിഞ്ഞവർക്കും, സർവ്വീസിൽ ഇരിക്കേ മരണമടഞ്ഞവരുടെ ആശ്രിതർക്കും കൊടുത്തുകൊണ്ടിരിക്കുന്നു.

(എച്ച്) ജീവനക്കാരിൽനിന്ന് പിടിക്കുന്ന പ്രതിമാസ വിഹിതം വർദ്ധിപ്പിച്ച് പദ്ധതി തുടരുന്നത് സംബന്ധമായി അംഗീകൃത യൂണിയനുകളുമായി ചർച്ചകൾ നടക്കുന്നു. അംഗീകൃത യൂണിയനുകളുമായുണ്ടാകുന്ന ചർച്ചയുടെ വെളിച്ചത്തിൽ മാത്രമേ ഇതിൽ അന്തിമ തീരുമാനം ആകൂ.

കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ പദ്ധതി

88 [2957] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതുതരം പദ്ധതിയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയനുസരിച്ച് എത്രപേർക്ക് പെൻഷൻ കുടിശ്ശിക നൽകാനുണ്ട്;

(സി) പെൻഷൻ കുടിശ്ശിക നൽകുന്നതു സംബന്ധിച്ച് കോടതി വിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്ത് നടപടി സ്വീകരിച്ചു;

(ഡി) പെൻഷൻ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ എത്ര കേസുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 1-4-1984 മുതൽ കേരളാ സർവ്വീസ് റൂൾസിനു വിധേയമായി പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 8-7-2005-ൽ ശേഖരിച്ച വിവരങ്ങൾ അനുസരിച്ച് 6264 പേർക്ക് കുടിശ്ശിക നൽകാനുണ്ട്.

(സി) ഉണ്ട്. ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 18-10-2001-ലെ ഡബ്ല്യു. എ. 289/01 എന്ന കേസ്സിലെ വിധിപ്രകാരം, ദിവസ വരുമാനത്തിന്റെ 10% തുക മാറ്റിവെച്ചു പെൻഷൻ പറ്റിയതിന്റെ മുൻഗണനാക്രമം അനുസരിച്ച് പെൻഷൻ ആനുകൂല്യങ്ങൾ നൽകിവരുന്നു.

(ഡി) പെൻഷൻ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് 17 കേസുകൾ വിധി പറയാനായി ബഹു. ഹൈക്കോടതിയുടെ മുൻപാകെ ഇപ്പോൾ നിലവിലുണ്ട്. ഇത് കൂടാതെ പ്രോവിഡന്റ് ഫണ്ട്, അതിൻമേലുള്ള പലിശ, ക്ഷേമനിധിയിൽനിന്നുള്ള ആനുകൂല്യങ്ങൾ എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള 854 കേസ്സുകൾ ബഹു. കേരള ഹൈക്കോടതി, ലോകായുക്ത, ഉപലോകായുക്ത എന്നിവ മുൻപാകെ നിലവിലുണ്ട്. ഇത്തരത്തിൽ ഇതിനകം വിധിയായ 295 കേസ്സുകളിൽ വിധി തുക കൊടുത്തു തീർക്കുവാനുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly